ചേരാറുണ്ടോ ; ഇവയിലെ അംഗങ്ങളുടെ പേരുവിവരം നൽകാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടർ ഒരു ഗവൺമെന്റ് ഓഫീസറോ അല്ലെങ്കിൽ ഗവൺമെന്റ് നോമിനേറ്റ് ചെയ്ത ഭരണപരിചയമുള്ള ഒരു വിദ്യാഭ്യാസ വിദഗ്ധനോ ആയിരിക്കണമെന്ന വ്യവസ്ഥ പ്രകാരം 30 വർഷത്തോളം അദ്ധ്യാപന പരിചയവും സർക്കാർ ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പാളായി ഭരണപരിചയമുള്ളതും എഴുത്തുകാരനുമായ ആളെയാണ് നിയമിച്ചിരിക്കുന്നത്.

(സി) ഹയർസെക്കന്ററി തുല്യതാ കോഴ്സിന്റെ ചുമതലയുള്ള അസിസ്റ്റന്റ് ഡയറക്ടർക്ക് അദ്ധ്യാപക പ്രവൃത്തി പരിചയമോ അദ്ധ്യാപക യോഗ്യതാ പരീക്ഷ പാസാകണമെന്നോ വ്യവസ്ഥ ചെയ്തിട്ടില്ല. 20 വർഷത്തെ പ്രവൃത്തി പരിചയവും അക്കാദമിക് രംഗത്ത് ബിരുദാനന്തര ബിരുദവും അനൗപചാരിക വിദ്യാഭ്യാസത്തിൽ ഡിപ്ലോമയും നേടിയിട്ടുള്ള ആളിനെയാണ് പൊതു വിദ്യാഭ്യാസ സെക്രട്ടറി ചെയർമാനായുള്ള സമിതി ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് ഡയറക്ടറായി നിയമിച്ചിട്ടുള്ളത്.

(ഡി) സാക്ഷരതാ മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെകീഴിൽ അഞ്ച് ഉപസമിതികളാണ് ഉള്ളത്. അവ യഥാസമയം യോഗം ചേരാറുണ്ട്. അംഗങ്ങളുടെ പേരു വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

പുഴമുതൽ പുഴവരെ പദ്ധതി

55 (2548) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുഴമുതൽ പുഴവരെഎന്ന പദ്ധതിക്ക് റവന്യൂ വകുപ്പ് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നദികളുടെ സംരക്ഷണത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് റവന്യൂ വകുപ്പിൽ എന്തെല്ലാം മോണിറ്ററിംഗ് സംവിധാനമാണ് ഒരുക്കിയിട്ടുള്ളത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുഴയെ അറിയുക ആദരിക്കുക എന്ന സന്ദേശം മുൻനിർത്തി ഭാരതപ്പുഴ, അച്ചൻകോവിലാർ എന്നീ രണ്ട് നദികളിൽ ആരംഭിച്ച മാതൃകാ പദ്ധതിയാണ് പുഴ മുതൽ പുഴവരെ പദ്ധതി. പ്രസ്തുത പദ്ധതി മുഖേന സംസ്ഥാനത്തെ നദീതീരങ്ങളുടെ സംരക്ഷണവും സൗന്ദര്യവത്കരണവുമാണ് ലക്ഷ്യമിടുന്നത്. നദീതീരങ്ങളിലെ കൈയേറ്റം തടയുക, അനധികൃത മണൽ കടത്ത്, മലിനീകരണം തുടങ്ങി പൊതുസ്ഥലങ്ങൾ അന്യാധീനപ്പെടുത്തുന്ന പ്രവണതകൾക്ക് വിരാമമിട്ട് നദീസംരക്ഷണം, പ്രകൃതി സംരക്ഷണത്തിന്റെ സുപ്രധാന ചുവടുവയ്പാണെന്ന ബോധം പ്രചരിപ്പിക്കുകയെന്ന ലക്ഷ്യവും ഈ പദ്ധതിക്കുണ്ട്.

(സി) ആദ്യഘട്ടത്തിൽ ഭാരതപ്പുഴ, അച്ചൻകോവിലാർ, പമ്പയാർ എന്നിവയുടെ സംരക്ഷണവും സൗന്ദര്യവത്ക്കരണവുമാണ് പുഴമുതൽ പുഴവരെ പദ്ധതി ലക്ഷ്യമിടുന്നത്. വ്യത്യസ്ത ഭൂപ്രകൃതിയിൽ ലയിച്ചിട്ടുള്ള ഈ പുഴകളുടെ പ്രത്യേകതയും കാലാവസ്ഥയും മണ്ണിന്റെ ഘടനയും അനുസരിച്ചുള്ള നമ്മുടെ തദ്ദേശീയ വൃക്ഷങ്ങൾ (പേരാൽ, പ്ലാവ്, മാവ് തുടങ്ങിയവ), ഫലവൃക്ഷങ്ങൾ, പൂമരങ്ങൾ, വള്ളിച്ചെടികൾ എന്നിവ നട്ടുവളർത്തി പരിപാലിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഭാരതപ്പുഴയുടെ 527 ഏക്കർ തീരവും അച്ചൻകോവിലാറിന്റെ 9 ഏക്കർ തീരവുമാണ് പൈലറ്റ് പ്രോജക്ടായി പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. വരട്ടാറിലെ നീരൊഴുക്ക് പുനർജീവിപ്പിക്കാനുള്ള നടപടിയും ഇതോടൊപ്പം ഉദ്ദേശിക്കുന്നു. ഭാരതപ്പുഴ, അച്ചൻകോവിലാർ, പമ്പയാർ എന്നിവയുടെ നീരൊഴുക്കിന് തടസ്സം നിൽക്കുന്ന ചപ്പുചവറുകൾ, മാലിന്യങ്ങൾ, പൂൽത്തട്ടുകൾ (നദിക്കുള്ളിൽ രൂപപ്പെട്ടത്), എക്കൽ എന്നിവ അടിയന്തരമായി നീക്കംചെയ്യുന്ന നടപടികളും ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പദ്ധതി നടപ്പാക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണർ ചെയർമാനായും ILDM പ്രോഗ്രാം ഓഫീസർ നോഡൽ ഓഫീസറായും പത്തനംതിട്ട, മലപ്പുറം ജില്ലാ കളക്ടർമാർ, ഇറിഗേഷൻ ചീഫ് എഞ്ചിനീയർ തുടങ്ങിയ ഒഫിഷ്യൽ അംഗങ്ങളും ശ്രീ. എബ്രഹാം മാത്യു, ശ്രീ. ചെറിയാൻ കോശി എന്നിവർ അംഗങ്ങളായും ഒരു മോണിട്ടറിംഗ് സെൽ രൂപീകരിക്കുകയും ഈ മോണിട്ടറിംഗ് സെൽ അംഗങ്ങൾ ഉൾപ്പെട്ട പാനൽ സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഭൂമിതട്ടിപ്പിലൂടെ അപഹരിക്കപ്പെട്ട സ്ഥലങ്ങൾ

56 (2549) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. അജിത് :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നാലുവർഷങ്ങൾക്കിടയിൽ സംസ്ഥാനത്ത് എത്ര ഭൂമി തട്ടിപ്പ് കേസ്സുകൾ ഉണ്ടായിട്ടുണ്ടെന്നും ഇവയിൽ സി.ബി.ഐ അന്വേഷിക്കുന്ന കേസ്സുകൾ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ബി) സി.ബി.ഐ അന്വേഷണത്തെ തുടർന്ന് ഇതുവരെയായി എത്ര പേരെ അറസ്റ്റ് ചെയ്തു ; അവർ ആരൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത കാലയളവിൽ ഭൂമി തട്ടിപ്പിലൂടെ ഇതുവരെയായി എത്ര ഹെക്ടർ സ്ഥലം അപഹരിക്കപ്പെട്ടിട്ടുണ്ട് എന്നും അവ എവിടെയെല്ലാമെന്നും വിശദീകരിക്കുമോ ?

ഉത്തരം

(എ) കളമശ്ശേരി, കടകംപള്ളി എന്നിവിടങ്ങളിലായി 2 ഭൂമിതട്ടിപ്പുകേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. രണ്ട് കേസ്സുകളിലും സി.ബി.ഐ. അന്വേഷണം നടന്നു വരുന്നു.

(ബി) സി.ബി.ഐ. അന്വേഷണവുമായി ബന്ധപ്പെട്ട് കടകംപള്ളി ഭൂമി തട്ടിപ്പ് കേസിൽ ഉൾപ്പെട്ട റവന്യൂ വകുപ്പിലെ ഡെപ്യൂട്ടി തഹസിൽദാർ ശ്രീ. വിദ്യോദയ കുമാറിനേയും കളമശ്ശേരി ഭൂമി തട്ടിപ്പുകേസിൽ വില്ലേജ് ഓഫീസർ ശ്രീ. കെ.എസ്. സാബുവിനേയും സ്പെഷ്യൽ വില്ലേജ് ഓഫീസർ

LIBRARY ARCHIVES Kerala Legislative Assembly